Page 1 of 1

| (1) | (2) |
| --- | --- |
| കോട്ടയം | 200000 |
| കോഴിക്കോട് | 2050000 |
| മലപ്പുറം | 1950000 |
| പാലക്കാട് | 2400000 |
| പത്തനംതിട്ട | 2750000 |
| തിരുവനന്തപുരം | 7750000 |
| തൃശ്ശൂർ | 300000 |
| വയനാട് | 550000 |
| ആകെ | 3,08,50,000 |

ഈ പദ്ധതി പ്രകാരം സ്പോൺസർ ചെയ്യപ്പെട്ട വീടുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

**ഭിന്നശേഷിയുള്ളവർക്കുവേണ്ടി ഭവന പദ്ധതികൾ**

**208 (3869)** ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭിന്നശേഷിയുള്ളവർക്കുവേണ്ടി ഭവനപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഹാജരാക്കേണ്ട രേഖകൾ, അനുവദിക്കുന്ന തുക എന്നിവയുടെ പദ്ധതി തിരിച്ചുള്ള വിശദാംശം നൽകുമോ ;

(സി) ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്കായി മറ്റ് ഭവനപദ്ധതി കളിൽ എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

**ഉത്തരം**

(എ-സി) സംസ്ഥാനത്ത് ഭിന്നശേഷിയുള്ളവർക്കുവേണ്ടി ഭവന നിർമ്മാണ ബോർഡ് മുഖേന ഭവന പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള പ്രത്യേക ഭവന നിർമ്മാണ പദ്ധതി**

**209 (3870)** ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേകമായി ഏർപ്പെടുത്തി യിട്ടുള്ള ഭവനനിർമ്മാണ പദ്ധതികൾ ഉണ്ടെങ്കിൽ വിശദമായി അറിയിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly